6

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - സ്പെഷ്യാലിറ്റി കേഡർ - പി.എം.ആർ. വിഭാഗം കൺസൾട്ടന്റ് തസ്തികയിലെ സ്ഥാനക്കയറ്റവും നിയമനവും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1377/2023/H&FWD തീയതി,തിരുവനന്തപുരം, 08-06-2023

---

പരാമർശം:-
1. സ.ഉ. (കൈ) നം.676/2010/ആകുവ തീയതി 18.11.2010.
2. സ.ഉ.(അച്ചടി) നം.39/2023/ആകുവ തീയതി 12.04.2023.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11.05.2023-ലെ ഇ.എ1-2116/(2)/2023/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശ കത്തിലെ ശിപാർശ പ്രകാരം കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഡോ.മനോജ് കുമാർ.കെ.പി. ജോലി നോക്കി വരുന്ന കൺസൾട്ടന്റ് പി.എം.ആർ. തസ്തിക കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥാനമാറ്റം ചെയ്തും, [പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നിന്നും കണ്ണൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥാനം മാറ്റം ചെയ്തത്] പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പി.എം.ആർ. വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.ആശ.ഇ.കെ., ജനറൽ ആശുപത്രി, കാസർഗോഡ് (PEN-567286); ഡോ.മനോജ് കുമാർ.എം., ജില്ലാ ആശുപത്രി, പാലക്കാട് (PEN-590386) എന്നിവരെ 95600 - 153200 എന്ന ശമ്പള സ്കെയിലിൽ കൺസൾട്ടന്റ് പി.എം.ആർ. തസ്തികയിൽ സ്ഥാനക്കയറ്റം നൽകി യഥാക്രമം കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥാനംമാറ്റം ചെയ്യപ്പെടുന്ന പി.എം.ആർ. കൺസൾട്ടന്റ് തസ്തികയിലും, തൃശ്ശൂർ ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒഴിവുള്ള പി.എം.ആർ. വിഭാഗം കൺസൾട്ടന്റ് തസ്തികയിലും നിയമിച്ചും ഉത്തരവാകുന്നു.

2) കൂടാതെ, മേൽ ഖണ്ഡികയിലെ ഉത്തരവ് പ്രകാരം കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥാനമാറ്റം ചെയ്യപ്പെട്ട കണ്ണൂർ ജില്ലാ ആശുപത്രിയിലെ പി.എം.ആർ. വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ ജോലി നോക്കി വരുന്ന ഡോ.മനോജ് കുമാർ.കെ.പി..യെ(546081) പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള പി.എം.ആർ വിഭാഗം കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയും ഉത്തരവാകുന്നു.

3) ഖണ്ഡിക (1) ഉം (2) ഉം പ്രകാരം ഉത്തരവായിട്ടുള്ള സ്ഥലം മാറ്റങ്ങൾ 2023 ലെ

GOVERNMENT OF KERALA

0361210

പൊതുസ്ഥലമാറ്റത്തിന് വിധേയമായിട്ടായിരിക്കുന്നതാണ്.

4) ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് പി.ഡി.എഫ്. രൂപത്തിൽ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആയതിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Manjula G
Date: 09-06-2023 11:54:19
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ1-2116/2023/ആ.വ.ഡ, തീയതി 22/6/2023
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി.